കവിത 13

**വ്യർത്ഥമോഹങ്ങൾ**

പുലർ കാല മഞ്ഞിന്റെ കുളിരിനൊപ്പം

ഒരു കൊച്ചു സൂര്യകിരണത്തെ

വെറുതെ മറന്നു വെച്ചേക്കുക

ഘനീഭവിക്കുന്ന ചിന്തകൾക്ക്

ഇത്തിരി ചൂട് പകരാൻ മാത്രം

തിരക്കിന്റെ ആഴിയിലെ തിരമാലകൾക്കൊപ്പം

ഒരു കുഞ്ഞു ചങ്ങാടം

വെറുത വിട്ടയക്കുക

നഷ്ട സ്വപ്നങ്ങൾക്ക്

തോണി തുഴഞ്ഞു കളിക്കാൻ മാത്രം

കര കാണാ കടലിനക്കരെ

ഒരു തുണ്ട്ആകാശം ബാക്കി വെച്ചേയ്ക്കുക

പ്രതീക്ഷകൾക്ക് മറുകര ഉണ്ടെന്ന തോന്നലിനു

വേണ്ടി മാത്രം

കത്തി ജ്വലിക്കുന്ന ഉച്ച വെയിലിലും

ഒരു ചെറു കാറ്റിനെ

അഴിച്ചു വിട്ടേക്കുക

വരണ്ടുണങ്ങുന്ന മോഹങ്ങൾക്ക്

കുളിരു നൽകുവാൻ മാത്രം

ആർത്തലയ്ക്കുന്ന പേമാരിയ്ക്കൊപ്പം ഒരു

മിന്നൽപിണറിനെ കൂട്ടിനയക്കുക

മാനത്തിന് നിഗൂഢതകളില്ലെന്നു തെളിയിക്കാൻ മാത്രം

കാലത്തിന്റെ കുളമ്പടികളിൽപ്പെട്ട് ചതഞ്ഞു തീരുമ്പോഴും

ഒരൽപ്പം ഉപ്പ് കണ്ണീരിൽ ചേർത്ത് വിളമ്പുവാൻ

ബാക്കിയാക്കുക

കാലത്തിനതീതമായി

ഒരു ഉറവയായി

സ്വയം മാറാൻ മാത്രം..

***– നദി എ. എസ്.***